X വ്യക്തിപരമായ വിശദീകരണം

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇത് റൂൾ 288 പ്രകാരമുള്ള ഒരു പ്രസ്താവനയാണ്. ഈ സഭയിൽ 18-2-2011-ന് ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. തിരുവനന്തപുരം ലാ കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിനി ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ 24-1-2011-ന് രാത്രി എട്ടേകാൽ മണിയോടെ ഇതേ കോളേജിലെ മൂന്നും അഞ്ചും വർഷവിദ്യാർത്ഥികളായ രതീഷ് ചന്ദ്രൻ, സജി സ്റ്റീഫൻ, ശ്രീരാജ് എന്നിവർ ചേർന്ന് തടഞ്ഞുവച്ച് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും വിദ്യാർത്ഥിനിയുടെ പരാതി ഉണ്ടായിട്ടും തക്കസമയത്ത് കേസ് രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ നിയമനത്തിനുമുന്നിൽ കൊണ്ടുവന്നില്ലെന്നും ആയിരുന്നു. അടിയന്തരപ്രമേയത്തിന്റെ ചുരുക്കം. ഗവൺമെന്റ് ലാ കോളേജിൽ പഠിക്കുന്ന എന്റെ മകൻ നിഖിലിന്റെ പേര് ബോധപൂർവ്വം ഇതിൽ വലിച്ചിഴയ്ക്കാൻ പ്രമേയാവതരണ സമയത്തുതന്നെ ഒരു ശ്രമം നടത്തിയിരുന്നു. യഥാർത്ഥത്തിൽ എന്റെ മകൻ നിഖിലിന്റെ പേരിൽ വിദ്യാർത്ഥിനിക്ക് ഒരു പരാതിയും ഉണ്ടായിരുന്നില്ല. പ്രതിയായി മകന്റെ പേര് പറഞ്ഞിട്ടുമില്ല. അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കൊടിയേരി ബാലകൃഷ്ണൻ മറുപടി പറയുമ്പോൾ മന്ത്രിപുത്രന്റെ പേരിൽ ഒരു പരാതിയും അന്യായക്കാരിയായ പെൺകുട്ടി നൽകിയിട്ടില്ലെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. സഭാ പ്രസംഗത്തിൽ മകന്റെ പേര് പരാമർശിച്ചത് എനിക്ക് വല്ലാത്ത മാനസിക പ്രയാസത്തിനിടയാക്കി. അടിയന്തരപ്രമേയത്തിന്റെ ഭാഗമായി പ്രതിപക്ഷം നടത്തിയ സഭാ ബഹിഷ്കരണത്തിനുശേഷം ഞാൻ നേരിട്ട് പ്രതിപക്ഷ നേതാവായ ശ്രീ. ഉമ്മൻ ചാണ്ടിയേയും ശ്രീ. പി. സി. വിഷ്ണുനാഥിനേയും കണ്ട് സംസാരിച്ചു. അപ്പോൾ ഈ കേസ്സിൽ എന്റെ മകൻ നിഖിൽ പ്രതിയല്ല എന്ന് അവർ സമ്മതിക്കുകയും ചെയ്തു. എന്നാൽ സഭാ ബഹിഷ്കരണത്തിനു ശേഷം ശ്രീ. പി. സി. വിഷ്ണുനാഥ് നടത്തിയ പത്രസമ്മേളനത്തിൽ എന്റെ മകന്റെ നേതൃത്വത്തിലാണ് ഈ ആക്രമണം നടത്തിയതെന്ന ദുഃസൂചന വന്നു. അന്നു വൈകുന്നേരം ചില ദൃശ്യമാധ്യമങ്ങളിലും തൊട്ടടുത്ത ദിവസം ചില പത്രങ്ങളിലും ഇതുമായി ബന്ധപ്പെടുത്തി എന്നെയും കുടുംബത്തേയും അപമാനിക്കുന്ന തരത്തിൽ വാർത്ത വരികയുണ്ടായി. ഇത് എനിക്കും കുടുംബാംഗങ്ങൾക്കും വലിയ മാനസിക വിഷമത്തിനിടയാക്കി. പ്രസ്തുത സംഭവത്തിൽ ഒരു തരത്തിലും എന്റെ മകന്റെ പേരില്ലാതിരിക്കെ ഈ സംഭവത്തെ അപ്രസക്തമാക്കി എട്ട് മാസങ്ങൾക്കുമുമ്പ് കോളേജിൽ നടന്ന മറ്റൊരു സംഭവത്തെ ഇപ്പോൾ സജീവമാക്കുകയാണ്. 22-7-2010-ൽ കോളേജിൽ നടന്ന ഒരു സംഭവത്തിൽ ഇതേ പരാതിക്കാരി വനിതാ കമ്മീഷനും കോളേജ് അധികാരികൾക്കും ഒരു പരാതി നൽകിയിരുന്നു. തന്റെ സഹപാഠിയായ ജുഗ്നു എന്ന വിദ്യാർത്ഥിക്കെതിരായിരുന്നു ആ പരാതി. ജുഗ്നുവും പെൺകുട്ടിക്കെതിരായി ഒരു പരാതി കൊടുത്തിരുന്നു. വനിതാ കമ്മീഷന് കിട്ടിയ പരാതി പരിശോധനയ്ക്കായി കമ്മീഷൻ കോളേജ് അധികാരികൾക്ക് നൽകി. കോളേജ് പ്രിൻസിപ്പാൾ ഇത് അന്വേഷിക്കാൻ പ്രൊഫ. മനോജ് കൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. ശാന്തി, ലക്ചറർ സജി കുമാർ എന്നിവരടങ്ങുന്ന മൂന്നംഗ അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ മുമ്പാകെ പെൺകുട്ടിയും ജുഗ്നുവും നൽകിയ പരാതികൾ അവർ പിൻവലിച്ചു. കമ്മീഷൻ റിപ്പോർട്ട് നൽകുകയും ചെയ്തു. വനിതാ കമ്മീഷൻ ഇതേത്തുടർന്ന് നടപടി അവസാനിപ്പിച്ചുവെന്ന് ചെയർപേഴ്സൺ ജസ്റ്റിസ് ശ്രീദേവി വ്യക്തമാക്കിയിട്ടുണ്ട്. പരാതിക്കാരി തന്റെ കൈപ്പടയിൽ നൽകിയ കത്തുമുഖേനയാണ് പരാതി പിൻവലിച്ചതായി അറിയിച്ചത്. ഇതിന് സാക്ഷിയേയും ചേർത്തിരുന്നു. പൂർണ്ണമായും 8 മാസം മുമ്പ് പരിഹരിച്ച ഈ പ്രശ്നമാണ് ഇപ്പോൾ സജീവമാക്കി എന്റെ മകനെതിരായി കൃത്രിമമായി ആരോപണം കൊണ്ടു വന്നിട്ടുള്ളത്. 21-2-2011-ലെ ഉപധനാഭ്യർത്ഥന ചർച്ചാവേളയിൽ ശ്രീ. പി. സി. ജോർജ് എം.എൽ.എ. എന്റെ മകൻ നിഖിൽ ഈ വിഷയത്തിൽ ബന്ധപ്പെട്ടിട്ടില്ലെന്നും പ്രതിയല്ലെന്നും മകന്റെ പേര് അനാവശ്യമായി സഭയിൽ വലിച്ചിഴയ്ക്കപ്പെട്ടത് ശരിയായില്ലെന്നും വ്യക്തമാക്കുകയുണ്ടായി. സഭാംഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രിവിലേജ് മറ്റംഗങ്ങളെയോ കുടുംബങ്ങളെയോ അപമാനിക്കുന്നതിനും മാനസികമായി തകർക്കുന്നതിനും ദുരുപയോഗം ചെയ്യുന്നത് ആശാസ്യമല്ല. സഭ പാലിച്ചു പോരുന്ന ഉന്നതമായ കീഴ്വഴക്കങ്ങൾക്കെതിരുമാണ്. പെൺകുട്ടികളെ അപമാനിക്കുന്നവർക്കെതിരെ അവർ എത്ര ഉന്നതരായാലും ശക്തമായ നടപടി എടുക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. ഒരു ബലിയാടിനെ സൃഷ്ടിക്കുകയാണ് ഉദ്ദേശമെങ്കിൽ അത് ഒരു പാപകർമ്മമാണ് എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ : ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly